LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ സിന്തറ്റിക്ക് ട്രാക്ക്

292 (4680) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഖേലോ ഇൻഡ്യ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ ഏഴ് കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന നാന്നൂറ് മീറ്റർ സിന്തറ്റിക്ക് ട്രാക്കിന്റെയും എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി അൻപത്തിയെട്ട് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഫുട്ബോൾ ഫീൽഡിന്റെയും വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കണ്ണൂർ പരിയാരം ഗവ.മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനും എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഫുട്ബോൾ കോർട്ട് നിർമ്മിക്കുന്നതിന് 57.99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി ഇ-ടെണ്ടറുകൾ ക്ഷണിച്ച് കരാറുകൾ നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതി പ്രകാരമുള്ള ഫണ്ട് ലഭ്യമാക്കുന്നമുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. പ്രവൃത്തികൾ ആരംഭിച്ച് 10 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഫുട്ബോൾ കോർട്ടിന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 2021 സെപ്റ്റംബർ ആദ്യവാരത്തിൽ പ്രവൃത്തികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

കായികതാരങ്ങൾക്ക് സർക്കാർ ജോലി

293 (4681) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം മേഖലകളിൽ മികവ് തെളിയിച്ച കായിക താരങ്ങൾക്കാണ് സ്ഥിരം ജോലി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. 35-മത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം